Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV/(N)/12/2006-2008

# KERALA GAZETTE

# കേരള ഗസറ്റ്

**PUBLISHED BY AUTHORITY**

അധികാരപൂർവ്വം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LII<br>വാല്യം 52 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 2nd January 2007<br>2007 ജനുവരി 2<br>12th Pousha 1928<br>1928 പൌഷം 12 | No.<br>നമ്പർ | 1 |

## PART III

# Forest Department

**OFFICE OF THE CHIEF CONSERVATOR OF FORESTS AND CUSTODIAN (ECOLOGICALLY FRAGILE LANDS), THIRUVANANTHAPURAM**

NOTIFICATION

No. EFL12-35/2006. *27th November 2006*

Whereas the Government of Kerala has published Act No. 21 of 2005, namely, The Kerala Forest (Vesting and Management of Ecologically Fragile Lands) Act 2003, which came into effect from 2nd day of June 2000 for the Conservation and Management of Ecologically Fragile Lands, minimizing the reduction or degradation of the Eco-System and Biological Diversity therein.

Now it is hereby notified for the information of the puplic that the ownership and possession of the lands as per the details shown in the Schedule hereto, in the District of Idukki have been vested with the Government of Kerala free from all encumbrances and the right, title and interest of the owner or any other person thereon shall stand extinguished from the date of commencement of the Act, i.e. 2nd June 2000.

The publication of this notification is made as required under section 3 (2) of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 as per Government Notification No. 15567/Leg B1/01/Law dated 3rd May, 2005 and published in Kerala Gazette No. 929, dated 3rd May 2005.

SCHEDULE

**Details of Ecologically Fragile Lands Vested in Government as per Section 3 (1) of Act 21 of 2005**

District—Idukki.

Village—Peerumedu.

Taluk—Peerumedu.

Range—Erumely.

Forest Division—Kottayam.

Locality—Near Valanjakanam on the left side of Valajakanam-Peerumedu road (PWD old) 44th mile Azhutha Road.

Survey No. with Sub Division—1131-1360

Approximate Extent — 15 Hectares.

Boundaries:—North—Valanjakanam Reserved Forests.
East—Eucalyptus Plantation (KFD).
South—Valanjakanam Reserved Forests.
West—Valanjakanam Reserved Forests.

(Sd.)
*Custodian (Ecologically Fragile Lands) and*
*Chief Conservator of Forests (E & TW).*

Thiruvananthapuram.

---

## പുനലൂർ ഡിവിഷൻ

### ദർഘാസ്/ലേലപ്പരസ്യം

നമ്പർ പി. സി. 1-5389/2006.

2006 ഡിസംബർ 15.

പുനലൂർ ഫോറസ്റ്റ് ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽപ്പെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ കശുമാവ് തോട്ടങ്ങളിൽനിന്നും 30-6-2007 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേലം ചെയ്യുന്നതാണ്. ആദ്യലേലദിവസം എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും തോട്ടത്തിന്റെ ലേലം നടക്കാതിരിക്കുകയോ ലേലംകൊള്ളാൻ ലേലക്കാർ ആരും തയ്യാറാകാതെ വരികയോ ലേലം റദ്ദ് ചെയ്യുകയോ ചെയ്താൽ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ലേലദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ദർഘാസ്/ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തുംവച്ച് ദർഘാസ്/ലേലം നടത്തുന്നതാണ്. ലേലത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തലേ ദിവസം ഉച്ചയ്ക്ക് 3 മണിവരെ സീൽ ചെയ്ത ദർഘാസുകൾ ഡിവിഷൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ ഈ ഓഫീസിൽനിന്നും ദർഘാസ് വിലയായ 100 (നൂറ്) രൂപയും മൂല്യവർദ്ധിത നികുതിയും ഒടുക്കി വാങ്ങേണ്ടതാണ്.

### വ്യവസ്ഥകൾ

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുള്ളവർ 2,000 രൂപ നിരതദ്രവ്യം ഒടുക്കേണ്ടതും അപ്രകാരം നിരതദ്രവ്യം ഒടുക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

2. ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വാങ്ങി നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനുമുൻപായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

3. ലേലംകൊണ്ടയാൾ യൂണിറ്റ് ഒന്നിന് ലേലത്തുകയുടെ മൂന്നിലൊന്ന് (കുറഞ്ഞത് 10,000 രൂപയും പരമാവധി ഒരു ലക്ഷം രൂപയും) ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. മൊത്തം ലേലത്തുക 10,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലം കഴിഞ്ഞാലുടനെതന്നെ ഒടുക്കേണ്ടതാണ്. അതിനു മുടക്കംവരുത്തിയാൽ അയാൾ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം ഗവൺമെന്റിലേക്ക് കണ്ടുകെട്ടുന്നതും പാട്ടാവകാശം അയാളുടെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൻമേൽ വീണ്ടും ലേലം ചെയ്യുന്നതും എന്നാൽ അതിൽ വച്ച് വല്ല ലാഭവുമുണ്ടായാൽ അതിന് അയാൾക്ക് അവകാശമില്ലാത്തതുമാകുന്നു. ഇപ്രകാരം ലേലം ചെയ്യുന്നതിൽവച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയത് റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമാകുന്നു.

4. ലേലം വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾ ഒടുക്കേണ്ടതായ ലേലസംഖ്യയിൽ തട്ടിക്കഴിക്കുന്നതും വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരിച്ചു കൊടുക്കുന്നതുമാണ്.

5. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളിക്കൊള്ളുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവും കൂടാതെ ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ പട്ടികയിലെ ഏതെങ്കിലും തോട്ടം ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനോ, പുതുതായി ഏതെങ്കിലും തോട്ടം കൂടി ഉൾപ്പെടുത്തി ലേലം ചെയ്യുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

6. ലേലം സ്ഥിരപ്പെടുത്തിയതായി പാട്ടക്കാരനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും മൊത്തം ലേലത്തുകയുടെ 5% വന വികസന നികുതിയും നിയമാനുസൃത മൂല്യവർദ്ധിത നികുതിയും ഏറ്റവും കുറഞ്ഞത് 500 രൂപയോ ലേലത്തുകയുടെ പത്തുശതമാനമോ ഏതാണോ